ഉത്തരം

(എ) യാതൊരു തുകയും പിരിഞ്ഞുകിട്ടിയില്ല. എന്നാൽ ഫൗണ്ടേഷൻ നിർദ്ധനരായ ക്ഷയരോഗികളുടെ ചികിത്സാർത്ഥം നീക്കിവച്ചിരുന്ന ഇരുപതിനായിരം (൨൦൦൦) രൂപായും, തിരുവനന്തപുരം കണ്ണാശുപത്രിയിലെ അമനിറ്റി ഫണ്ടിലേയ്ക്ക് പിരിഞ്ഞുകിട്ടിയ ഉദ്ദേശം ൪൭൪ രൂപയും മെഡിക്കൽ മന്ത്രിയുടെ ഫണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) ഇതേവരെ ഒന്നും ചെലവാക്കിയിട്ടില്ല.

ഇത്തിപ്പുഴ പാലംപണി.

൪൩൦. [൨൭] ശ്രീ. സി. കെ. വിശ്വനാഥൻ : തെക്കൻ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇത്തിപ്പുഴ പാലംപണി എത്രകൊല്ലംകൊണ്ട് തീർക്കണമെന്നാണ് കൺട്രാക്റ്റ് ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) കഴിയുന്നത്ര ആളുകളെ നാട്ടിൽനിന്നുതന്നെ പണികൊടുക്കണമെന്ന വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പാലം പണിയിൽ ഈ തത്വം അംഗീകരിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) രണ്ടുവർഷം

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉടമ്പടിയിൽ അപ്രകാരം ഒരു വ്യവസ്ഥ ആവശ്യമുണ്ടെന്ന് ഗവണ്മെൻറ് കരുതുന്നില്ല.

Koratty Leper Hospital.

531. [28] **Shri K. V. Krishnankutty Warrier :** Will the Minister for Public Health be pleased to state :

(*a*) how many patients are there now in the Koratty Leper Hospital ;

(*b*) what is the rate of food and medicine allowance to a patient for a day ; and

(*c*) what is the amount that the Government is spending for the institution as grant this year ?

LIBRARY ARCHIVES Kerala Legislative Assembly

Answer.

(*a*) 420.

(*b*) Rs. 28 per mensem.

(*c*) Rs. 125,120 including Rs. 800 for P.C.R. Works.

പറവൂർ കച്ചേരിത്തോട്.

ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ [വൻ] : താഴെ പറയുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ കച്ചേരിത്തോട്ടിൽ പൈൽസും സ്ലാബും ഉപയോഗിച്ചു തോടിന്റെ ഇരുവശങ്ങളും ഉറപ്പിക്കുന്നതിനു എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ;

(ബി) എസ്റ്റിമേറ്റ് എത്ര രൂപയായിരുന്നു; എസ്റ്റിമേറ്റിലുള്ളതു കൂടാതെ എക്സ്ട്രാ ഐറ്റംസ് എത്ര ചെയ്തു; എത്ര നാളുകൊണ്ടാണ് ഈ പണി തീർന്നതു;

(സി) ഈ തോട്ടിൽ ഈ ജോലി നടത്തിയതു് എന്താവശ്യത്തിനാണ്; ഇന്നു ആ തോട്ടിന്റെ തെക്കേ അറ്റംവരെ ഗതാഗതയോഗ്യമാണോ ;

(ഡി) തോട്ടിന്റെ ഇരുവശങ്ങളിലുമുള്ള റോഡിൽ ഗതാഗതസൗകര്യമുണ്ടോ ;

(ഇ) എത്രയടി നീളത്തിൽ ഈ തോടിന്റെ ഇരുവശങ്ങളും സ്ലാബു് ഉപയോഗിച്ചു് കെട്ടിയിട്ടുണ്ടു്?

ഉത്തരം.

(എ) രണ്ടു രൂപ ഏഴണ പൈസ.

(ബി) എസ്റ്റിമേറ്റ് തുക ൭൫൦൦ ഉറപ്പിക്കയാണ്. ഇതു കൂടാതെ റിങ്ങ് ബണ്ടിട്ടു് വെള്ളം വറ്റിക്കുക എന്ന എക്സ്ട്രാ ഐറ്റം ചെയ്തിട്ടുണ്ടു്. ഇതു ഏകദേശം ഒരു കൊല്ലവും ആറു മാസവുംകൊണ്ടാണ് തീർക്കുന്നതു്. പൈൽസും മറ്റും താഴ്ത്തുന്നതിനു് കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടിവന്നതിനാൽ ഈ പണി കൃത്യസമയത്തു തീർക്കാൻ സാധിക്കാതെവന്നു.

(സി) ഇതുകൊണ്ടു് കൂടുതൽ ഗതാഗതസൗകര്യങ്ങൾ ഉണ്ടാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതു്. ഈ തോടു് ഇപ്പോൾ താഴ്ത്തിയതിനു ശേഷം അതിന്റെ തെക്കേ അറ്റംവരെ ഗതാഗതയോഗ്യമാണ്.

(ഡി) ഉണ്ടു്.

(ഇ) ൨൫൦ അടി.

LIBRARY ARCHIVES Kerala Legislative Assembly